പറിച്ചുനടാനാവാത്ത നാടൻസ്വപ്നം

ഇ. ഹരികുമാർ



പറിച്ചുനടാനാവാത്ത നാടൻസ്വപ്നം

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Path in the Woods, a painting by Vincent van Gogh (1853–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

പറിച്ചുനടാനാവാത്ത നാടൻസ്വപ്നം

കന്നിന മുകളിലേയ്ക്കുള്ള ഒറ്റയടിപ്പാതയുടെ തുടക്കത്തിൽ അയാൾ കാർ നിർത്തി. ഇനി മുകളിലേയ്ക്ക് കാർ പോവില്ല. ചെമ്മൺപാത ഒരു ധൃതിയുമില്ലാതെ മുകളിലേയ്ക്ക് ഇഴഞ്ഞു നിങ്ങുന്നതു് മോഹനൻ നോക്കി. രാജീവനും ചുറ്റും നോക്കുകയായിരുന്നു. അവന്റെ കണ്ണുകളിൽ കൗതുകം. ഒരുപക്ഷേ, ഇങ്ങിനെയൊരു സ്ഥലത്തു വരുന്നതു് അവൻ ആദ്യമായിട്ടായിരിക്കണം. മൃത്തശ്ശിവല്ല്യമ്മയുടെ വീട്ടിൽ പോകാമെന്നു പറഞ്ഞപ്പോൾ അവൻ ഇത്രയൊന്നും പ്രതീക്ഷിച്ചിരിക്കില്ല. സാധാരണ നാട്ടിൽ വരുമ്പോൾ അച്ഛമ്മയെ കാണാറുണ്ട്. അച്ഛമ്മ താമസിക്കുന്ന പഴയ വീട് അവന് ഇഷ്ടമാകാറുണ്ട്. അതൊരു വെറും നാട്ടിൻപുറം മാത്രമാണ്. ഇത്തമതിയാകാൻ പോകുന്ന ഒരു കട്ടിയുടെ മട്ടിൽ അതൊഴുങ്ങിനിൽക്കയാണ്. അച്ഛമ്മയുടെ ചെറിയമ്മയുടെ വീട്ടിലേയ്ക്കാണ് ഇപ്പോൾ പോകുന്നതു്. അവൻ ഇതുവരെ കണ്ടിട്ടില്ലാത്ത മൃത്തശ്ശിവല്ല്യമ്മ.

'ഇനി നമുക്ക് നടക്കണം.'

'ശരി' രാജീവൻ ഉത്സാഹത്തോടെ പറഞ്ഞുകൊണ്ട് നടക്കാൻ തുടങ്ങി.

തലേന്നു പെയ്ത മഴയിൽ മണ്ണു നനഞ്ഞിരുന്നു. ചെടികളുടെ ഇലകൾ കഴുകപ്പെട്ടിരുന്നു. കാറ്റിൽ ഏതോ പൂക്കളുടെ, ഇലകളുടെ സുഗന്ധം. ഈ ഗന്ധങ്ങൾ പണ്ടേങ്ങോ തനിക്കു നഷ്ടപ്പെട്ട കുട്ടിക്കാലം തിരിച്ചു നൽകുകയാണ്. അയാൾ വിണ്ടും ഒരു കട്ടിയായി, മിനാക്ഷിവല്ല്യമ്മയുടെ കട്ടനായി.

ഒരു തിരിവിൽ തെളിവെള്ളം നിറഞ്ഞ ഒരു ചെറിയ അരുവി പാതയുടെ ഒപ്പം ചേർന്നു. അയാൾ കൗതുകത്തോടെ നോക്കി. രാജീവനും അത്ഭുതസ്വരമായിരുന്നു നോക്കിയിരുന്നതു്. മദ്രാസിൽ ഇങ്ങിനെയുള്ള തെളിവെള്ളം വീട്ടിലെ ടാപ്പിൽ മാത്രമേ കാണൂ. നിരത്തുകളുടെ അരുകിലുള്ള ഓടകളിൽ കെട്ടിനിൽക്കുന്ന അഴുക്കവെള്ളം മാത്രം, പുഴയും ഈ ഓടകളെ സ്പോൺസർ ചെയ്യുകവഴി മലിനമാണ്. ഇവിടെ ഇതാ അരുവി, മനഷ്യസ്പർശമേറ്റിട്ടുണ്ടെന്നു തോന്നാത്ത വിധത്തിൽ തെളിവെള്ളവുമായി ഒഴുകുന്നു.

'അച്ചാ, ഇതെവിടെനിന്നാണ് വരണതു?'

'കന്നിന്റെ മുകളിൽനിന്ന്. മഴക്കാലത്ത് കന്നിന്റെ ഉള്ളിലേയ്ക്കു് കിനിഞ്ഞിറങ്ങിയ വെള്ളം കുറേശ്ശെ പുറത്തു വരുന്നത്. ഒരു ഒക്ടോബർ നവമ്പർ വരെണ്ടാവും. അതുകഴിഞ്ഞാൽ ഈ അരുവി വറ്റിവരളും.'

'പിന്നെ വെള്ളംണ്ടാവില്ലേ?'

'ഇല്ല.'

'അപ്പോ ഈ അരുവി എവിടെപ്പോകം.'

രാജീവന്റെ ചോദ്യം അർത്ഥവത്താണ്. തന്റെ കുട്ടിക്കാലത്ത് താൻ ഇങ്ങിനെയൊരു ചോദ്യം ചോദിച്ചിട്ടില്ല. മഴയോട്ടുകൂടി അരുവിയുടെ ഉദ്ഭവവും, മഴക്കഴിഞ്ഞ് മാസങ്ങൾക്കകമുള്ള തിരോധാനവും സ്വീകരിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ്. അതു് ചോദ്യത്തിനുള്ള വക തരുന്നില്ല. മറിച്ച് ജീവിതത്തിൽ നടാടെ അരുവി കാണുകയാണ് രാജീവൻ. ഇതിനമുമ്പ് വല്ല്യമ്മയുടെ വീട്ടിൽ പത്തുയുടെ ഒപ്പം വന്നപ്പോൾ അവൻ കൈകഞ്ഞായിരുന്നു. മദ്രാസിൽ ഒരുഫ്ളാറ്റിൽ പാഠപുസ്തകങ്ങൾക്കും, വിഡിയോ ഗേയ്മിനും ടിവിയുടെ മയക്കുന്ന ദൃശ്യലോകത്തിനുമുള്ളിൽ അവന്റെ ജീവിതം കെട്ടിയിടപ്പെട്ടിരിക്കുന്നു. നാട്ടിൻപുറവും അവിടെ കൈാറായി കിടക്കുന്ന നന്മയുടെ പൂട്ടതന്നെ നെരിപ്പോട്ടുകളും അവന്ന് അപരിചിതമാണ്.

'ഈ അരുവി അപ്പോ എവിടെപ്പോവും അച്ചാ?' അവൻ ചോദ്യം ആവർത്തിക്കുന്നു.

അയാൾ ആലോചിച്ചു. ഒരുപക്ഷേ, മണ്ണിന്നടിയിൽ, ആഴത്തിൽ അതൊഴുകുന്നുണ്ടാവും. അല്ലെങ്കിൽ? ഒരരുവിയുടെ നിലനില്പ് അതിലെ വെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നതു്. അപ്പോൾ വെള്ളമില്ലാതായാൽ? ഒരുപാട് സങ്കിർണ്ണതകൾ നിറഞ്ഞതാണ് അവന്റെ ചോദ്യം.

'അതാ, ആ കാണുന്നതാണ് വല്ല്യമ്മയുടെ വീട്.' അയാൾ ചൂണ്ടിക്കാട്ടി. ഒരു നാൽപതു വാര അകലെ മരങ്ങൾക്കിടയിൽ ഒരു ഓടുമേഞ്ഞ വീട്. നാട്ടിൻപുറത്തെ മറ്റേതു വീടുപോലെ സാധാരണമായ ഒരു വീട്.

രാജീവ് അല്പം നിരാശനായെന്നു തോന്നുന്നു. അവൻ ഉടുതലെന്തെങ്കിലും പ്രതീക്ഷിച്ചു കാണും. ഉടുതൽ പ്രതീക്ഷിക്കുക, പിന്നെ അതു ലഭിക്കാഞ്ഞാൽ നിരാശപ്പെടുക എന്നുള്ള അവന്റെ സ്വഭാവമാണ്.

കാവിതേച്ച ജ്ഞനകളിൽ ത്തങ്ങിക്കിടക്കുന്ന ഗെയ്റ്റ് കടന്ന് അവർ മുറ്റത്തേയ്ക്കുള്ള വഴിയിലെത്തി. ഇതുവശത്തും കൂർപ്പുക്കിരീടം പൂത്തു നിൽക്കുന്നു. പല വല്ല്യത്തിലുള്ളവ. ഒരു രാജകുടുംബത്തിന്റെ എഴുന്നള്ളത്തുപോലെ തോന്നി.

ഉമ്മറത്തെ കറുത്ത സിമന്റിട്ട നിലം മിനത്തു കിടന്നു. അകത്തേയ്ക്കുള്ള വാതിൽ തുറന്നു കിടക്കയാണ്. വാതിൽക്കൽ മുട്ടാനൊന്നും മിനക്കെടാതെ അയാൾ അകത്തേയ്ക്കു കടന്നു. പിന്നാലെ അല്പം മടിച്ചിട്ടാണങ്കിലും ഒരു ചോദ്യാവതിയോടെ രാജീവനും. എന്താണ് വാതിൽക്കൽ മുട്ടാതിരുന്നതു് എന്നാണവന്റെ ചോദിക്കാത്ത ചോദ്യം. നഗരത്തിലെ സാമാന്യമര്യാദകളില്ലല്ല എന്പചാരികത്വം ഈ നാട്ടിൻപുറത്ത് ഉഴച്ചിൽരർക്കും. ഇടനാഴികയുടെ ഇരുഭാഗത്തുള്ള രണ്ടു മുറിയിലും വല്ല്യമ്മയുണ്ടായിരുന്നില്ല. അയാൾ അവിടെയൊന്നും അവരെ പ്രതീക്ഷിച്ചുമില്ല. ഇടനാഴിക അവസാനിക്കുന്നതു് തളത്തിലാണ്. തളത്തിൽനിന്ന് അടുക്കളയിലേയ്ക്കും അടുക്കളമുറ്റത്തേയ്ക്കും വാതിലുകളുണ്ട്. പെട്ടെന്ന് അടുക്കളവാതിൽ കടന്നുവന്ന വല്ല്യമ്മയുടെ മുഖത്ത് അദ്ഭുതമൊന്നും കണ്ടില്ല. നാട്ടിൻപുറത്ത് ഇതു സാധാരണമാണ്. വേണ്ടപ്പെട്ടവർ ഇന്നുകിടക്കുന്ന വാതിൽ കടന്നുവരും, വല്ല്യമ്മ എവിടെയാണെന്നു പരതും.

'രണ്ടു കൊള്ളക്കാരാണ് വന്നിരിക്കുന്നു്' മോഹനൻ പറഞ്ഞു.

വല്ല്യമ്മയ്ക്ക് ആളെ മനസ്സിലായി.

'അതു നന്നായി. ഇവിടൊന്നും സാധാരണ കാണാത്തവരാണ് കൊള്ളക്കാര്. രണ്ടുപേരെ കാണാൻ പറ്റിലോ.'

അവർ അടുത്തുവന്നു, രാജീവിന്റെ തലയുഴിഞ്ഞുകൊണ്ട് തുടർന്നു. 'ഈ കൊച്ചുകൊള്ളക്കാരനെ, പ്രത്യേകിച്ചും.'

ഒരു കൊള്ളക്കാരനെന്ന സങ്കല്പം രാജീവന് ഇഷ്ടമായെന്നു തോന്നുന്നു. അവൻ ചിരിച്ചുകൊണ്ട് മൃത്തശ്ശിവല്ല്യമ്മയുടെ ലാളനത്തിന് വഴങ്ങിക്കൊടുത്തു.

'വല്ല്യമ്മ എന്താ ചെയ്യിരുന്നതു?' അയാൾ ചോദിച്ചു.

'ഉച്ചകഴിയുള്ളേ ചോറുണ്ടാക്കുവണ്.' അവർ അടുക്കളയിലേയ്ക്കു നടന്നുകൊണ്ടു പറഞ്ഞു. 'നിങ്ങളിരിക്ക്. ഞാൻ കറച്ചു ചായയുണ്ടാക്കിക്കൊണ്ടുവരാം.'

'ചായയ്ക്കൊന്നും ധൃതിയില്ല.' അയാൾ അവരുടെ ഒപ്പം അടുക്കളയിലേയ്ക്കു നടന്നു. രണ്ടടുപ്പുകളിൽ വിറകു കത്തുന്നുണ്ട്. പാത്രത്തിൽ അരിയിടാനുള്ള വെള്ളം തിളക്കുന്നു.

'വല്ല്യമ്മയ്ക്ക് ഒരു ഗ്യാസടുപ്പ് വാങ്ങിച്ചുടേ? കക്കിങ്ങൊക്കെ എത്ര എളുപ്പാവും?'

'അപ്പോ ഈ പറമ്പില്ല് വീഴണ മടല്പം, ഓലക്കൊടീം, പുള്ളിം ഒക്കെ എന്തു ചെയ്യാനാ? പിന്നെ അടുപ്പില്ല് വേവിക്കണ ഭക്ഷണത്തിന്റെ സ്വാദൊന്നം ഗ്യാസടുപ്പിൽ വേവിച്ചാൽ കിട്ടില്ല.'

'എന്താണ് ഊട്ടാൻ?'

'വെണ്ടക്കയും വഴുതിനങ്ങിം ഇട്ടിട്ടു് ഒരു സാമ്പാര്. കത്തോലപ്പയും കായേംകൊണ്ട് ഒരു മെഴുക്കപെരട്ടീം. നിങ്ങള് വരണ കാര്യം ഞാൻ അറിഞ്ഞിരുന്നെങ്കില് ജാനകിയെക്കൊണ്ട് നല്ല പച്ചക്കറിയെന്തെങ്കിലും വാങ്ങിച്ചേനെ?'

'ആരാണ് ജാനകി?'

'ഞാ, നീയറിയില്ലേ? ഇല്ല്യ? നീ മുമ്പു വന്നപ്പോ മാലത്യായിരുന്നു. അവള് കല്ല്യാണം കഴിച്ചു പോയി. ഇള്ള് അതിന്റെ അനിയത്ത്യാ. രാവിലെ വന്ന് എന്നെ സഹായിക്കും. വൈകുന്നേരവും വരും. ചെലപ്പോ എനിക്ക് വയ്യാന്ന് തോന്ന്യാൽ ഞാൻ അവളോട് ഇവിടെ കെടക്കാൻ പറയും. നല്ല കുട്ടത്തില്ലാ.'

അയാൾ അടുക്കളവാതിലിലൂടെ പുറത്തേയ്ക്കു നോക്കി. വല്ല്യമ്മയുടെ തോട്ടത്തിന്റെ ഒരു കുഷ്ഠം വിളനിലം കാണാം. ആരോഗ്യമുള്ള നീണ്ട വെണ്ടക്ക, പച്ചമുളക്, അതിനരപ്പറത്ത് ഒരു തടം ചീര. അയാൾ മുറ്റത്തേയ്ക്കിറങ്ങി.

'ഞാൻ വല്ല്യമ്മടെ തോട്ടം കാണട്ടെ.'

രാജീവൻ പറമ്പിലെത്തിക്കഴിഞ്ഞിരുന്നു. അഴിച്ചുവിട്ട ഒരു പമ്മക്കുട്ടിയെപ്പോലെ അവൻ ഓടിനടക്കുകയാണ്.

'തോട്ടംന്ന് പറയാൻമാത്രൊന്നംല്ല്യ,' അവർ ഒപ്പം വന്നു.

തോട്ടം വിപുലംതന്നെയായിരുന്നു. ഒരു അവരപ്പന്തൽ നിറഞ്ഞു കായ്ച്ചു നിൽക്കുന്നു. അപ്പറത്ത് മരക്കൊമ്പുകൾ ഞാഞ്ഞൂകൊടുത്തതിൽ വെള്ളയും വൈലറ്റും നിറത്തിൽ കരുത്തോലപ്പയർ നിറയെ കുലകൾ. ഇടനെറ്റത്ത് ചുവന്ന കുറ്റി നിർത്തിയിട്ടം അധികം ദൂരമൊന്നമില്ല. കട്ടിക്കലല്ത്ത് ഇവിടെ വന്നിരുന്നപ്പോൾ ഇത് വലിയൊരു ദൂമായി തോന്നിയിരുന്നു.

അയാൾ കൃഷ്ണൻകുട്ടിയെ ഓർത്തു. എന്തുകൊണ്ടോ ആ കാലം ഗൃഹാതുരത്വം നിറഞ്ഞതായിരുന്നു. രാജീവൻ വലുതായാൽ ഓർക്കാൻ എന്താണങ്ങനെയുക? ഫ്ളാറ്റിനുള്ളിൽ അടച്ചപൂട്ടിയ ഒരു ബാല്യം മാത്രം. ടിവി സീരിയലുകളുടെ വിരസത വിഡിയോ ഗെയ്മിൽ മുക്കി മാറ്റുന്നതു് പരിമ്പക്കൂടിയ റാങ്ക കിട്ടാനായി കളിസമയം വെട്ടിക്കുറക്കുന്നതു് അതിനിടയ്ക്കു് കൈവല്ത്തിലൊരിക്കലോ, അല്ലെങ്കിൽ വർഷങ്ങൾ കൂടുമ്പോഴോ ഇങ്ങിനെയൊരു യാത്രയില്ലെങ്കിലുണ്ടാവുന്ന അനുഭവങ്ങൾ?

മോഹനന് അവനോട് സഹതാപം തോന്നി. ഇനി തിരിച്ചുപോയാൽ കറച്ചു ദിവസത്തേയ്ക്ക് അവന്റെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കലാണ് തന്റെ പണി. ഇപ്പോൾ അവൻ ഒന്നം ചോദിക്കുന്നില്ല. ചോദ്യത്തിനുള്ള സമയംകൂടി പാഴാക്കരുതെന്നു ണ്ടാവും അവന്ന്. ഇനി തദ്രാസിൽ തിരിച്ചുപോയാൽ അവന്റെ ചോദ്യങ്ങൾക്കു മറുപടി പറയാൻ അയാൾ വിഷമിക്കാനു, കാരണം അവൻ ചോദിക്കുന്നതെന്തിനെപ്പറ്റിയാണെന്ന് അയാൾക്ക് മനസ്സിലാവുന്നില്ല. ഭാഷ അവന്റെ പ്രശ്നമാണ്, പ്രത്യേകിച്ചും നാട്ടിൻപുറത്തെ കാര്യങ്ങളെപ്പറ്റി പറയുമ്പോൾ?

ഊണ് ഗംഭീരമായിരുന്നു. വീട്ടിൽ നട്ടവളർത്തിയ പച്ചക്കറികളുടെ സ്വാദ് ആസ്വദിച്ച് വല്ല്യമ്മ വിളമ്പിത്തന്ന ഊണുകഴിക്കുമ്പോൾ അയാൾ വിണ്ടും പറഞ്ഞു.

'വല്ല്യമ്മ ഒരു കാര്യം ചെയ്യ. ഞങ്ങൾ ഇരുപത്തെട്ടാം തിയ്യതിയാണ് പോണതു്. ഞാൻ വല്ല്യമ്മയ്ക്കുടി ടിക്കറ്റ് ബുക്ക് ചെയ്യാം. കറച്ചുകാലം കൃഷ്ണൻകുട്ടിടെ ഒപ്പം പോയി താമസിള്ള.'

അവർ ഒന്നം പറഞ്ഞില്ല. അയാളുടെയും രാജീവന്റേയും ഊണു കഴിഞ്ഞശേഷം വല്ല്യമ്മയും ജാനകിയും ഊണുകഴിക്കാൻ തുടങ്ങി. ഒപ്പം ഊണു കഴിക്കാമെന്നയാൾ പറഞ്ഞുനോക്കിയതാണ്. അപ്പോൾ വിളമ്പൽ നടക്കില്ലെന്ന പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. കൈകഴുകിവന്ന് അവർ ഊണു കഴിക്കുന്നതും നോക്കിയിരിക്കേ വല്ല്യമ്മ സംസാരിക്കാൻ തുങ്ങി.

'ഞാനി വീട്ടിൽ വന്നിട്ട് എത്ര കാലായിന്നറിയ്യേ? അപ്പേള ഒരുപാടു പേരിണ്ടാം വയസ്സിൽ കല്ല്യാണം കഴിച്ച് വന്നതാണ്. ഇവിടെ എന്തൊക്കെ സംഭവിച്ചു. വല്ല്യച്ചൻ മരിച്ചു. കല്ല്യാണി മരിച്ചു. കൃഷ്ണൻകുട്ടിടെ അച്ഛൻ മരിച്ചു. കല്ല്യാണിടെ കല്ല്യാണം നടന്നതു് എനിക്ക് ഇപ്പഴും നല്ല ഓർമ്മണ്ട്. കൃഷ്ണൻകുട്ടിനെ പ്രസവിച്ചത് ഇവിട്ന്നാണ്. ഇപ്പോ എല്ലാം കഴിഞ്ഞു. എല്ലാം കഴിഞ്ഞ വീടാണിള്ള്. ഇവിടെ ഓർമ്മകള് എന്റെ ഒപ്പംണ്ട്. മരിച്ചപോയോരോക്കെത്തന്നെന്ന എന്റെ ഒപ്പംണ്ട്. അവരെയൊക്കെ വിട്ട് ഞാൻ വരണേ?'

കാര്യം ശരിയാണ്.

സന്ധ്യയുടെ അരങ്ങേറ്റം നടന്നു. ആകാശം ചുവന്നു, മരങ്ങൾ നിഴലുകളായി കാറ്റിൽ നേരിയ തണപ്പിന്റെ കലർപ്പ്. ദൂരെനിന്ന് ഇടക്കയുടെ ശബ്ദം.

'അമ്പലത്തിൽനിന്നാണ്. ദീപാരാധന.'

വല്ല്യമ്മ പറഞ്ഞു.

'വല്ല്യമ്മ എന്നാം അമ്പലത്തിൽ പോവാറുണ്ടല്ലോ. ഇന്ന് പോണില്ലേ?'

'ഇപ്പോ എന്നം ഒന്നം പോവില്ല. കയറ്റല്ലേ. അതിനൊന്നം വയ്യാണ്ടായിരിക്കണം.'

വല്ല്യമ്മയുടെ നിർബ്ബന്ധത്തിനു വഴങ്ങി അയാൾ അന്നവിടെ താമസിക്കാമെന്ന് സമ്മതിച്ചു. പോകാത്തതു നന്നായിയെന്നയാൾക്കിപ്പോൾ തോന്നി. രാജീവനും ഇള്ള് ഓർമ്മിച്ചവള്ടാൻ പറ്റിയ ദിവസമായിരിക്കും.

വേലിക്കരികിൽ തലയുണങ്ങിയ ഒരു തെങ്ങ് അയാൾ കണ്ടു. അയാൾ വല്ല്യമ്മയോട് ചോദിച്ചു.

'എന്താണാ തെങ്ങ് ഉണങ്ങാൻ കാരണം?'

'അതോ, അത് മാറ്റിവച്ചതാ. എടവഴീള്ളടെ വൈദ്യരിങ്കമ്പി വലിക്കണോ അവന് വെട്ടാൻ പറഞ്ഞു. ഞാന്ന് കെടക്കുമ്പിന്നു. ഞാൻ മറ്റിക്കോളാംന്ന് പറഞ്ഞു. എങ്ങന്യും പത്തമ്പതു വയസ്സള്ള ഒരു കേടുപ്പറ്റാത്ത തെങ്ങ് വെട്ടിക്കളയണതു? മാറ്റിവച്ചപ്പോ അത് ഞണങ്ങും ചെയ്തു. ഒരു പ്രായൊക്കെ കഴിഞ്ഞാൽ മാറ്റിനടലൊന്നും ശര്യാവില്ല.'

അവർ എന്തൊക്കെയോ അർത്ഥവച്ച് പറയുകയാണെന്ന് മോഹനന്ന് തോന്നി. ശരിയായിരിക്കാം.

'ഏയ്, അതിന്റെയൊക്കെ ആവശ്യം എന്താ. ഫാനിന്റെ ആവശ്യം ഇല്ല. രാത്രി നമ്മടെ പഴേ മേശവിളക്ക് കത്തിച്ചാൽ ധാരാളായി. രാത്രി പകലാക്കിയിട്ട് എന്താ കാര്യം?'

ശരിയാണ്. ഇത്രട്ട് എന്താണെന്നറിയണമെങ്കിൽ നാട്ടിൻ പുറത്തുതന്നെ വരണം. രാത്രി കിടക്കുമ്പോൾ അയാൾ കൃഷ്ണൻകുട്ടിയെ ഓർത്തു. പന്ത്രണ്ടാം വയസ്സിൽ അമ്മ മരിച്ചു. ഇരുപത്തിരണ്ടാം വയസ്സിൽ നിങ്ങൾകിടക്കുന്ന. പെട്ടെന്നയാൾക്ക് വിശപ്പുതോന്നി. വീട്ടിൽ നട്ടണ്ടാക്കിയ പച്ചക്കറികളുടെ സ്വാദ് ഓർമ്മ വന്നു. ആ സ്വാദ് കട്ടിക്കാലത്തേയ്ക്കു നയിക്കുന്നു. മദ്രാസിൽ കിട്ടുന്ന പച്ചക്കറികളുടെ സ്വാദെന്താണെന്ന് അയാൾക്ക് മനസ്സിലാവാറില്ല. മാർക്കറ്റിൽ നിന്നു വാങ്ങുന്ന ചീര കഴിച്ചാൽ വയറിളക്കം തീർച്ചയാണ്. ഫാക്ടറിയിൽ പോകുമ്പോൾ ഇതവശത്തും ചീത്തോട്ടുങ്ങളിയേല്ട് കാനയിലെ വൃത്തികെട്ട വെള്ളം പമ്പുചെയ്യുന്നത് നിത്യകാഴ്ചയാണ്.

ചായകടിക്കുമ്പോൾ അയാൾ ചോദിച്ചു.

'വല്ല്യമ്മ എന്തിനാ ഇവിടെ ഒറ്റയ്ട്ട് താമസിച്ച് കഷ്ടപ്പെടണതു? കൃഷ്ണൻകുട്ടിടെ ഒപ്പം പോയി താമസിച്ചുടെ?'

'ആർക്കാ അതിന് ഇവടെ കഷ്ടപ്പാട്?' അവർ ചിരിച്ചുകൊണ്ട് ചോദിച്ചു. 'നല്ല കാര്യായി. ഇവിടെ എനിക്ക് സുഖല്ലേ? ഈ വയസ്സുകാലത്ത് മോഹനൻ തദ്രാസിലൊക്കെ പോയി താമസിക്കണ്ത്. ഇവിടെ ഒരു വെഷമും ഇല്ല്യ. പിന്നെ തദ്രാസിലൊക്കെ ഞാൻ പോയിട്ടുള്ളതല്ല. എനിക്ക് ആ ജീവിതം ഒന്നും ഇഷ്ടല്ല, പറയാലോ.'

ശരിയാണെന്ന് അയാൾ ഓർത്തു. നാട്ടിലേയ്ക്കു വരുമ്പോൾ കൃഷ്ണൻകുട്ടിയും ഒപ്പമുണ്ടായിരുന്നു. ഓണം അമ്മമ്മയുടെ ഒപ്പം ആവണമെന്നവന് നിർബ്ബന്ധമുണ്ട്. തിരിച്ചുപോകുമ്പോൾ വീട്ടിൽ വന്നപ്പോൾ അവൻ പറഞ്ഞു. 'ഞാൻ ഒരിക്കൽ ക്ലാസി അമ്മമ്മടെ അട്ടത്ത് തോറ്റിരിക്കണം. ഇനി മോഹനേട്ടൻ ഇപ്പാവശ്യം ഒന്നവിടെ പോണം. എങ്ങിനെയെങ്കിലും അമ്മമ്മയെ പറഞ്ഞു മനസ്സിലാക്കി സമ്മതിപ്പിക്കണം. അവിടെ ഒറ്റയ്ട്ട് ഒരു സഹായവും ഇല്ലാതെ...'

'ഞാൻ ചായങ്ങാക്കട്ടെ. മോഹനന്താണ് കടിക്ക്യാ. മദ്രാസിലെപ്പോലെ ബോൺവിറ്റയൊന്നും ഇവിടെണ്ടാവില്ല.'

'വല്ല്യമ്മ മിണ്ടാതിരി, അവൻ ചായ കടിച്ചുകൊള്ളും.'

വല്ല്യമ്മ അടുക്കളയിലേയ്ക്കു പോയി. അയാൾ പറമ്പിലേയ്ക്കു നടന്നു.

'അച്ഛാ', രാജീവൻ വിളിച്ചുപറഞ്ഞു, 'ഒരു പാമ്പ്.'

അയാൾ അടുത്തുചെന്നു. പൂല്ലുകൾക്കിടയിൽ ഒരു പാമ്പ്.

'അത് മൂർഖൻ പാമ്പാണ്.'

'അത് വെഷള്ളതാണോ അച്ഛാ?'

'അതെ, നീയിങ്ങു വാ.'

അവനെ സംബന്ധിച്ചേടത്തോളം മൂർഖൻ പാമ്പും നിർക്കോലിയും തമ്മിൽ വലിയ വ്യത്യാസമൊന്നമില്ല. രണ്ടും പാമ്പതന്നെ.

കളത്തിൽ നാല് ആമ്പൽ പൂക്കൾ വിരിഞ്ഞു നിന്നിരുന്നു. തെളിവെള്ളം. അടുത്തുചെന്നാൽ നിന്തിക്കളിക്കുന്ന മിനുകളെ കാണാൻ പറ്റും.

'ചായ കാലായി, വര്ത്' വല്ല്യമ്മ വിളിച്ചു പറഞ്ഞു.

അടുക്കളയിൽ ഇപ്പോൾ പത്തുപതിനെട്ടു വയസ്സുള്ള ഒരു പെൺകുട്ടി ജോലിയെടുത്തിരുന്നു.

'ഇതാണോ വല്ല്യമ്മയുടെ അസിസ്റ്റന്റ്?'

'ഞാൻ മോഹനനോട്ട് പറയായിരുന്നു.' വല്ല്യമ്മ ആ കുട്ടിയോട് പറഞ്ഞു. 'മാലത്തി കല്യാണം കഴിച്ച് പോയപ്പോ നീ എന്നെ സഹായിക്കാൻ വർണ്ണ്ട്ന്ന്. മാലത്തിനെ മോഹനൻ കണ്ടിട്ടുണ്ട്.'

'ചേച്ചി ഇപ്പൊ എവിട്യാണ്?' അയാൾ ചോദിച്ചു.

'ചേച്ചി പ്രസവിക്കാൻ വന്നിട്ടുണ്ട്. ഈ ധനവിലാണ് പ്രസവം.' അവൾ ഉത്സാഹത്തോടെ പറഞ്ഞു.

അയാൾ എന്തെങ്കിലും ചോദിക്കണേ എന്നു കരുതി ചോദിച്ചതായിരുന്നു. പക്ഷേ, അവളത് ഗൗരവമായി എടുത്തു. അവൾ ചേച്ചിയെപ്പറ്റി പറയുകയായി തന്നു. അവരുടെ ഭർത്താവിനെപ്പറ്റി, തേയിലത്തോട്ടത്തിൽ ജോലിചെയ്യുന്ന ഭർത്താവ് വരുമ്പോൾ ചേച്ചിക്കു കൊണ്ടുവരുന്ന സാധനങ്ങളെപ്പറ്റി. അയാളുടെ മനസ്സ് ആർദ്രമായി. ഇവിടെ അന്തരിക്ഷം പോലെത്തന്നെ മനഷ്യരുടെ മനസ്സും തെളിഞ്ഞ് നിർമ്മലമായിരുന്നു. നന്നാവട്ടെ കുട്ടി. അയാൾ മനസ്സിൽ പറഞ്ഞു. നിനക്കും ഒരു നല്ല ഭർത്താവിനെ കിട്ടട്ടെ.

അയാൾ ഉമ്മറമുറ്റത്തേക്കിറങ്ങി. രാജീവൻ തൊടിയിലെ തെമ്മാവിൽ കയറാനുള്ള ശ്രമമാണ്. തന്റെ കുട്ടിക്കാലത്ത് എത്രയും അനായാസം ചെയ്തിരുന്ന ഒരു കാര്യം അവൻ വളരെ ശ്രേദ്ധിച്ചാണ് ചെയ്യുന്നതു്. അയാൾക്ക് പെട്ടെന്ന് പേടിതോന്നി. ചെറിയ മാവാണ്, കൊമ്പുകൾ അധികം ഉയരമൊന്നമില്ല. എങ്കിലും അവന്റെ കാൽവെപ്പിൽ ഒരു ഉറപ്പില്ലായ്മ അയാൾ അസ്വസ്ഥനായോടെ നോക്കി. അവൻ കയറുന്ന ആദ്യത്തെ മരമാമ്പിരിക്കണം ഇതു്.

'സൂക്ഷിച്ചു കയറണം കേട്ടോ.' അയാൾ വിളിച്ചുപറഞ്ഞു. പറമ്പിന്റെ അറ്റത്തെത്തിയപ്പോൾ കന്ന് താഴോട്ടിങ്ങുന്നു്ണ്ട്. കുന്ന് നിർത്തിയിടം അധികം ദൂരമൊന്നമില്ല. കട്ടിക്കലല്ത്ത് ഇവിടെ വന്നിരുന്നപ്പോൾ ഇതു് വലിയൊരു ദൂമായി തോന്നിയിരുന്നു.

അയാൾ കൃഷ്ണൻകുട്ടിയെ ഓർത്തു. എന്തുകൊണ്ടോ ആ കാലം ഗൃഹാതുരത്വം നിറഞ്ഞതായിരുന്നു. രാജീവൻ വലുതായാൽ ഓർക്കാൻ എന്താണങ്ങനെയുക? ഫ്ളാറ്റിനുള്ളിൽ അടച്ചപൂട്ടിയ ഒരു ബാല്യം മാത്രം. ടിവി സീരിയലുകളുടെ വിരസത വിഡിയോ ഗെയ്മിൽ മുക്കി മാറ്റുന്നതു് പരിമ്പക്കൂടിയ റാങ്ക കിട്ടാനായി കളിസമയം വെട്ടിക്കുറക്കുന്നതു് അതിനിടയ്ക്കു് കൈവല്ത്തിലൊരിക്കലോ, അല്ലെങ്കിൽ വർഷങ്ങൾ കൂടുമ്പോഴോ ഇങ്ങിനെയൊരു യാത്രയില്ലെങ്കിലുണ്ടാവുന്ന അനുഭവങ്ങൾ?

മോഹനന് അവനോട് സഹതാപം തോന്നി. ഇനി തിരിച്ചുപോയാൽ കറച്ചു ദിവസത്തേയ്ക്ക് അവന്റെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കലാണ് തന്റെ പണി. ഇപ്പോൾ അവൻ ഒന്നം ചോദിക്കുന്നില്ല. ചോദ്യത്തിനുള്ള സമയംകൂടി പാഴാക്കരുതെന്നു ണ്ടാവും അവന്ന്. ഇനി തദ്രാസിൽ തിരിച്ചുപോയാൽ അവന്റെ ചോദ്യങ്ങൾക്കു മറുപടി പറയാൻ അയാൾ വിഷമിക്കാനു, കാരണം അവൻ ചോദിക്കുന്നതെന്തിനെപ്പറ്റിയാണെന്ന് അയാൾക്ക് മനസ്സിലാവുന്നില്ല. ഭാഷ അവന്റെ പ്രശ്നമാണ്, പ്രത്യേകിച്ചും നാട്ടിൻപുറത്തെ കാര്യങ്ങളെപ്പറ്റി പറയുമ്പോൾ?

ഊണ് ഗംഭീരമായിരുന്നു. വീട്ടിൽ നട്ടവളർത്തിയ പച്ചക്കറികളുടെ സ്വാദ് ആസ്വദിച്ച് വല്ല്യമ്മ വിളമ്പിത്തന്ന ഊണുകഴിക്കുമ്പോൾ അയാൾ വിണ്ടും പറഞ്ഞു.

'വല്ല്യമ്മ ഒരു കാര്യം ചെയ്യ. ഞങ്ങൾ ഇരുപത്തെട്ടാം തിയ്യതിയാണ് പോണതു്. ഞാൻ വല്ല്യമ്മയ്ക്കുടി ടിക്കറ്റ് ബുക്ക് ചെയ്യാം. കറച്ചുകാലം കൃഷ്ണൻകുട്ടിടെ ഒപ്പം പോയി താമസിള്ള.'

അവർ ഒന്നം പറഞ്ഞില്ല. അയാളുടെയും രാജീവന്റേയും ഊണു കഴിഞ്ഞശേഷം വല്ല്യമ്മയും ജാനകിയും ഊണുകഴിക്കാൻ തുടങ്ങി. ഒപ്പം ഊണു കഴിക്കാമെന്നയാൾ പറഞ്ഞുനോക്കിയതാണ്. അപ്പോൾ വിളമ്പൽ നടക്കില്ലെന്ന പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. കൈകഴുകിവന്ന് അവർ ഊണു കഴിക്കുന്നതും നോക്കിയിരിക്കേ വല്ല്യമ്മ സംസാരിക്കാൻ തുങ്ങി.

'ഞാനി വീട്ടിൽ വന്നിട്ട് എത്ര കാലായിന്നറിയ്യേ? അപ്പേള ഒരുപാടു പേരിണ്ടാം വയസ്സിൽ കല്ല്യാണം കഴിച്ച് വന്നതാണ്. ഇവിടെ എന്തൊക്കെ സംഭവിച്ചു. വല്ല്യച്ചൻ മരിച്ചു. കല്ല്യാണി മരിച്ചു. കൃഷ്ണൻകുട്ടിടെ അച്ഛൻ മരിച്ചു. കല്ല്യാണിടെ കല്ല്യാണം നടന്നതു് എനിക്ക് ഇപ്പഴും നല്ല ഓർമ്മണ്ട്. കൃഷ്ണൻകുട്ടിനെ പ്രസവിച്ചത് ഇവിട്ന്നാണ്. ഇപ്പോ എല്ലാം കഴിഞ്ഞു. എല്ലാം കഴിഞ്ഞ വീടാണിള്ള്. ഇവി

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>